# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട | 13-03-2018 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **290**

## വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.രാജൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.വി.ആർ.സുനിൽ കുമാർ | :<br>:<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | | (എ) വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് കൺസഷൻ കരാറിൽ നിഷ്കർഷിച്ചിട്ടുള്ളതു പോലെ ഒരു ഇൻഡിപ്പെന്റന്റ് എഞ്ചിനിയറെ നിയമിച്ചിട്ടുണ്ട്. ഇൻഡിപ്പെന്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും നിർമ്മാണ പുരോഗതി വിലയിരുത്തി വരുന്നുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 1460 ദിവസം (4 വർഷം) കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് 2019 ഡിസംബർ മാസം 5-ാം തീയതി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ നിർമ്മാണം 1000 ദിവസം കൊണ്ട് പൂർത്തീകരിക്കാമെന്ന് കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (AVPPL) വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ 2017 നവംബർ 30 ന് കേരള തീരത്ത് ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റും, പാറ ലഭിക്കുന്നതിനുള്ള പ്രയാസവും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതു കൊണ്ട് 1000 ദിവസം കൊണ്ട് (കരാർ കാലാവധിക്കു മുമ്പ്) നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യം സംശയമാണ്. അതേസമയം, കരാറിൽ വ്യവസ്ഥ ചെയ്ത സമയത്ത് തന്നെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പുലിമുട്ട് നിർമ്മാണത്തിന് കല്ലെത്തിക്കാത്തത് പദ്ധതി പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) യും (സി) യും | പാറ ലഭിക്കുന്നതിനുള്ള പ്രയാസം നിർമ്മാണ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. മൂവായിരത്തി ഒരുനൂറ് മീറ്റർ നീളമുള്ള പുലിമുട്ടിൽ ഇതുവരെ ഏകദേശം 600 മീറ്റർ നിർമ്മാണമാണ് പൂർത്തിയായിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ പാറയ്ക്ക് ക്ഷാമം നേരിടുന്നതിനാൽ കൊല്ലം ജില്ലയിൽ നിന്നും പാറ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ പാറ ഖനനത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ആവശ്യമെങ്കിൽ വിഴിഞ്ഞം പ്രോജക്ടിന് ആവശ്യമായ പാറ കമ്പനിയുടെ മേൽനോട്ടത്തിൽത്തന്നെ ഖനനം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. തമിഴ് നാട്ടിൽ നിന്നും പാറ കൊണ്ടുവരുന്നതിന് അദാനി കമ്പനി ശ്രമം നടത്തുന്നുണ്ട്. |
| (സി) | പുലിമുട്ട് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | തുറമുഖ നിർമ്മാണവും തുറമുഖ ത്തിലേയ്ക്കുള്ള റോഡ് നിർമ്മാണവും സമയബന്ധിതമായി നടക്കുന്നുണ്ടോ ; | (ഡി) | പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തടസ്സങ്ങൾ ഉണ്ടാകുമ്പോൾ ജില്ലാ ഭരണകൂടവും സംസ്ഥാന സർക്കാരും ആവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. |
| (ഇ) | പദ്ധതിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ഇ) | വിഴിഞ്ഞം പദ്ധതിയുടെ ആദ്യഘട്ടം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വിഴിഞ്ഞം തുറമുഖ പദ്ധതി നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് കൺസഷൻ കരാറിൽ നിഷ്കർഷിച്ചിട്ടുള്ളതു പോലെ ഒരു ഇൻഡിപ്പെന്റന്റ് എഞ്ചിനിയറെ നിയമിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതിയ്ക്കാവശ്യമായ 91.94% (84.9529 ഹെക്ടർ) ഭൂമി ഏറ്റെടുത്ത് കൺസഷണയർക്ക് |

കൈമാറിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക അനുമതികളെല്ലാം ലഭ്യമായിട്ടുണ്ട്. റെയിൽപാത നിർമ്മാണത്തിനായി ഈ രംഗത്ത് പ്രാഗൽഭ്യമുള്ള കൊങ്കൺ റെയിൽ കോർപ്പറേഷൻ (KRCL) ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പിട്ടിട്ടുമുണ്ട്. പ്രൊജക്ടിനാവശ്യമായ വെള്ളമെത്തിക്കുന്നതിന് 3.3 MLD ശേഷിയുള്ള പ്രൊജക്ട് പൂർത്തിയാക്കി. പാരിസ്ഥിതിക അനുമതി ലഭിച്ചപ്പോൾ ദേശീയ ഹരിത ട്രിബ്യൂണൽ (NGT) നിഷ്കർഷിച്ചിരുന്ന തരത്തിൽ മത്സ്യത്തൊഴിലാളികൾക്കും റിസോർട്ട് തുടങ്ങിയ അനുബന്ധ മേഖലയിലുള്ള തൊഴിലാളികൾക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളിൽ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (PIU) രൂപീകരിച്ച് ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ചുവരികയാണ്. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും നഷ്ടപരിഹാരം ഉറപ്പാക്കുന്നതാണ്.

| | |
|---|---|
| (എഫ്) ഏറ്റെടുത്ത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ ; വ്യക്തമാക്കുമോ? | (എഫ്) പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയിൽ ചുറ്റുമതിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സമീപവാസികളിൽ നിന്ന് എതിർപ്പ് ഉയരുന്ന സ്ഥലങ്ങളിൽ ആയത് പരിശോധിച്ച് ആവശ്യമായ ശുപാർശ സർക്കാരിന് സമർപ്പിക്കുന്നതിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം വിഴിഞ്ഞം സ്പെഷ്യൽ തഹസീൽദാർ *(LA)*, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്, അദാനി കമ്പനി എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**